**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 304** **22-06-2026-ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി - മട്ടന്നൂർ നിയോജക മണ്ഡലം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ മണ്ഡലത്തിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ എണ്ണം എത്രയാണ്; എത്ര അപേക്ഷകൾ പെൻഡിംഗിലാണ്; ഇതിൽ ഭൂരഹിതരായ അപേക്ഷകരുടെ എണ്ണം എത്രയാണ്;

**മറുപടി:** മട്ടന്നൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2,740 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 454 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ 207 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഭവന നിർമ്മാണ ധനസഹായത്തിനായി കരാറിലേർപ്പെടാൻ അവശേഷിക്കുന്നു. ഇതിൽ 127 പേർ ഭൂരഹിത ഭവനരഹിതരാണ്. തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.

**(ബി)** ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

**മറുപടി:** ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി കരാറിലേർപ്പെടുന്ന ഗുണഭോക്താക്കൾക്ക് നിർമ്മാണത്തിന്റെ പുരോഗതി കൃത്യമായി വിലയിരുത്തി മുൻകൂറായി ഗഡുക്കൾ അനുവദിക്കുന്നു. നിർമ്മാണ പുരോഗതിക്കനുസരിച്ച് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുടർഗഡുക്കൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും വാർഡ് തലത്തിലും മോണിറ്ററിംഗ് ഉറപ്പ് വരുത്തിയിട്ടുണ്ട്.

**(സി)** ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ കാര്യത്തിൽ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**മറുപടി:** ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2020-21 -ന് ശേഷം ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. അല്ലാതെ ലഭിക്കുന്ന വേറിട്ട അപേക്ഷകൾ സർക്കാർ തലത്തിൽ/വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തലത്തിൽ പരിശോധന നടത്തി അനുയോജ്യമായ തീരുമാനം എടുത്തുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

| തദ്ദേശ സ്വയംഭരണ സ്ഥാപനം | പൂർത്തീകരിച്ച വീട്ടുകളുടെ എണ്ണം | പുരോഗതിയിലുള്ള വീട്ടുകളുടെ എണ്ണം | ലിസ്റ്റിലുൾപ്പെട്ടതിൽ കരാറിലേർപ്പെടാൻ അവശേഷിക്കുന്നവരുടെ എണ്ണം. | ഭൂരഹിത ഭവനരഹിതർ |
|---|---|---|---|---|
| ചിറ്റാരിപറമ്പ് | 272 | 48 | 25 | 8 |
| കീഴല്ലൂർ | 99 | 5 | 15 | 6 |
| കോളയാട് | 598 | 99 | 13 | 13 |
| കൂടാളി | 182 | 37 | 54 | 43 |
| മാലൂർ | 234 | 67 | 30 | 6 |
| മാങ്ങാട്ടിടം | 233 | 85 | 33 | 29 |
| മട്ടന്നൂർ നഗരസഭ | 573 | 30 | 0 | 0 |
| പടിയൂർ കല്ല്യാട് | 336 | 72 | 26 | 12 |
| തില്ലങ്കേരി | 213 | 11 | 11 | 10 |
| **ആകെ** | **2740** | **454** | **207** | **127** |